# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1434.**

30..9..2011-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**<br>**ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. സി. മോയിൻകുട്ടി**<br>**ശ്രീ. എം. ഉമ്മർ.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റത്തക്ക വിധത്തിൽ പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കാനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം നൽകുമോ;<br><br>(ബി) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് സർക്കാരിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങളും പ്രോത്സാഹനവും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പരിപാടി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്ര വിതരണം, ക്ഷേമനിധി ബോർഡ് വഴി ക്ഷീരകർഷകർക്ക് പെൻഷൻ, അപകട ഇൻഷ്വറൻസ്, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും നൽകി വരുന്നു. ആകസ്മികമായി ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കൊണ്ട് ദുരിതം അനുഭവിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസമായി 5000 രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നു. ഇവയ്ക്കു പുറമെ, മികച്ച ക്ഷീരകർഷകരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് സമ്മാനം നൽകുകയും അവരെ ആദരിക്കുകയും ചെയ്യുന്നു. ബ്ലോക്ക്/ജില്ലാ ക്ഷീര കർഷക സംഗമങ്ങൾ സംഘടിപ്പിച്ച് കർഷകരുടെ മികച്ച ഇനം കന്നുകാലികളെ പ്രദർശിപ്പിക്കുന്നതിനും പ്രദർശനത്തിൽ മികച്ച കന്നുകാലികളെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച തീറ്റപ്പുൽ കൃഷിത്തോട്ടം ഉടമയ്ക്കും സമ്മാനങ്ങൾ നൽകുന്നു. |

| | |
|---|---|
| (സി) ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പുതിയതായി എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | (സി) ഇല്ല; ഇപ്പോൾ നൽകി വരുന്ന കാലിത്തീറ്റ സബ്സിഡി ഇരട്ടിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷി 3000 ഹെക്ടർ സ്ഥലത്തു കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. |
| (ഡി) കാലിവളർത്തലിൽ താൽപര്യവും വിജ്ഞാനവുമുള്ള നാമമാത്ര ക്ഷീര കർഷകർക്ക് സാമ്പത്തിക സഹായം നൽകി ഇടത്തരം ഡയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) നിലവിൽ എം.എസ്.ഡി.പി. പദ്ധതി പ്രകാരം ഇടത്തരം ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. |
| (ഇ) ക്ഷീര കർഷകർക്കു ലഭിക്കുന്ന പാൽവില പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വില വർധന വരുത്താതെ കർഷകർക്ക് മറ്റു വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) ഉൽപാദന ചെലവിനനുസൃതമായി ശാസ്ത്രീയ പഠനം നടത്തി 2010-ൽ സർക്കാർ 3 രൂപ പാൽവില ലിറ്ററൊന്നിന് വർദ്ധിപ്പിച്ചതിനു പുറമെ ഇപ്പോൾ മിൽമ 5 രൂപ കൂടി ലിറ്ററിന് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവുകളിൽ യഥാക്രമം 2.76 രൂപ, 4.20 രൂപ വീതം ക്ഷീരകർഷകർക്ക് ലഭ്യമാകുന്നുണ്ട്. ഇപ്പോൾ നൽകി വരുന്ന കാലിത്തീറ്റ സബ്സിഡി ഇരട്ടിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷി 3000 ഹെക്ടർ സ്ഥലത്തു കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.